# അവസാനിക്കുന്നില്ല; അമേരിക്കയിലെ വർണവെറി

മധു നായർ

**അളവുകളില്ലാത്ത സ്വാതന്ത്ര്യത്തിന്റെയും സമ്പന്നതയുടെയും പ്രതീകമായിട്ടാണ് അമേരിക്ക വാഴ്ത്തപ്പെട്ടത്. എന്നാൽ വർണവെറിയും വിവേചനവും നിലനിൽക്കുന്ന, സാമ്പത്തിക പ്രതിസന്ധികളുള്ള, മലിനീകരണ പ്രശ്നങ്ങളുള്ള, ദരിദ്രരായ ജനങ്ങളുള്ള മറ്റൊരു അമേരിക്കകൂടിയുണ്ട്. രണ്ടു ദശകം നീണ്ട അമേരിക്കൻ പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങിയ ലേഖകൻ വീണ്ടും നടത്തിയ ഒരു അമേരിക്കൻ യാത്രയുടെ അനുഭവങ്ങൾ**

അമേരിക്കയിലെത്തിയാൽ രാവിലെയുള്ള സുദീർഘമായ ന്യൂയോർക്ക് ടൈംസ് പത്രവായനയാണ് ദിനചര്യയുടെ മുഖ്യഇനം. നെറ്റിൽ മാത്രം പത്രം വായിക്കുന്ന പുത്രൻ എനിക്കുവേണ്ടി ഏതാനും ദിനങ്ങൾക്കായി പത്രത്തിന്റെ ഹാർഡ്കോപ്പി വരിക്കാരനാകുന്നു. കമ്പ്യൂട്ടർ തൊഴിലാക്കിയിരുന്ന ഞാൻ ഈ സൂത്രത്തിന്റെ പരിമിതികളിൽ ബോധവാനാണ്. അച്ചടിപ്പത്രം ഒരു കാലത്തും അന്യം നിൽക്കില്ലായെന്ന് ബലമായി വിശ്വസിക്കുന്നു. ആദ്യദിനം പത്രം കണ്ടപ്പോൾ രോഷം ആളിക്കത്തി. ഇന്ത്യയെ താറടിക്കുന്ന മുഖലേഖനമാണ് പത്രത്തിന്റെ സൺഡേറിവ്യൂവിൽ നിറഞ്ഞുനിൽക്കുന്നത്. മൂന്നുകൊല്ലം ന്യൂയോർക്ക് ടൈംസിന്റെ സൗത്ത് ഏഷ്യൻ കറസ്പോണ്ടന്റായി ഡൽഹിയിൽ താമസിച്ച ഗാർഡിനർ ഹാരിസിന്റെ തിക്താനുഭവങ്ങളാണ് ലേഖനത്തിലുടനീളം. ഹാരിസിപ്പോൾ പത്രത്തിന്റെ വാഷിങ്ടൺ ലേഖകനാണ്. ഡൽഹി വിട്ടശേഷം മാത്രമാണ് സായിപ്പിന് ഇങ്ങനെയുള്ള അർധസത്യങ്ങളുടെ കൂമ്പാരം പടച്ചുവിടാൻ ധൈര്യമുണ്ടായത്. ഇതിനും അപ്പുറമുള്ള മാധ്യമദർശനങ്ങൾ പ്രധാനമന്ത്രിപോലും നേരിടുന്ന രാജ്യമാണ് ഇന്ത്യയെന്നത് സായിപ്പിന് അറിയില്ലല്ലോ?

ഡൽഹിയിലെ അന്തരീക്ഷമലിനീകരണമാണ് സായിപ്പിന്റെ ലേഖനവിഷയം. അയാളുടെ എട്ടുവയസ്സുകാരൻ പുത്രന് ആസ്ത്മയുടെ ഉപദ്രവം ഉണ്ട്. ഡൽഹിയിലെ മലിനവായു പയ്യന്റെ ജീവനപകടത്തിലാക്കി. അവശ്യം വേണ്ടുന്ന വൈദ്യസഹായമില്ലാതെ സായിപ്പിന് പുത്രനെ നഷ്ടപ്പെടുമോ എന്നുപോലും ഭീതിയായി. എന്നിട്ടും മൂന്നുവർഷങ്ങൾ അവിടെ പിടിച്ചുനിന്നു. അവസാനം വാഷിങ്ടണിലേക്ക് സ്ഥലംമാറ്റമായപ്പോൾ ജീവനുംകൊണ്ടോടി. ഇതാണ് ദീർഘലേഖനത്തിന്റെ രത്നച്ചുരുക്കം.

ഡൽഹിയിൽ അന്തരീക്ഷമലിനീകരണം രൂക്ഷമാണെന്നത് പുതിയ വാർത്തയല്ല. ബെയ്ജിങ്, മെക്സിക്കോസിറ്റി തുടങ്ങിയുള്ള പല വൻനഗരങ്ങളിലും ഈ പ്രശ്നം കാതലാണ്. ഒരു കോടിയിൽപ്പരം ജനം തിങ്ങിപ്പാർക്കുന്ന നഗരങ്ങളിലൊക്കെ ഈ പ്രശ്നം ഉണ്ടായില്ലായെങ്കിലേ അതിശയമുള്ളൂ. ന്യൂയോർക്ക് സിറ്റിയിലെ വായു താരതമ്യേന ശുദ്ധമായിരിക്കും. പക്ഷേ, നഗരഹൃദയത്തിൽക്കൂടി ഒഴുകുന്ന ഹഡ്സൺ നദിയിലെ മത്സ്യം ഭക്ഷണയോഗ്യമല്ല. റേഡിയോ ആക്ടീവതയുള്ള കെമിക്കലുകൾ അമേരിക്കയിലെ ജലസമ്പത്ത് വിഷമയമാക്കിയിട്ട് നാളേറെയായി. അതുപോലെ ലോകത്തിലേറ്റവും കൂടുതൽ അലർജി രോഗികൾ അമേരിക്കയിലാകും ഉണ്ടാകുക. അലർജി സ്പെഷ്യലിസ്റ്റുകൾ ഒരിക്കലും മാറാത്ത രോഗങ്ങൾ ചികിത്സിച്ച് ലക്ഷങ്ങൾ നേടുന്നു. ഒരുകാലത്ത് കൊതുകുശല്യം ഇല്ലാതിരുന്ന ഈ നാട്ടിലിപ്പോൾ അവ പെറ്റുപെരുകിയിരിക്കുന്നു. ഈ മഹാരാജ്യത്തെ ഇകഴ്ത്തിക്കാട്ടി ലേഖനമെഴുതുവാൻ എത്രയോ വിഷയങ്ങൾ ഇതുപോലെ തിരഞ്ഞെടുക്കാം.

ഗാർഡിനർ ഹാരിസിന്റെ ലേഖനത്തിൽ പല പച്ചക്കള്ളങ്ങളും എഴുതിപ്പിടിപ്പിച്ചിരിക്കുന്നു. ന്യൂയോർക്ക് ടൈംസ് പത്രത്തിനൊരു മുഖമുദ്രയുണ്ട് 'All news fit to print.' ഗാർഡിനർ ഹാരിസിന്റെ ലേഖനം ഈ അർഥത്തിൽ അച്ചടി അർഹിക്കുന്നതായെന്നു സംശയിക്കണം. ഇതിനുള്ള മുൻകരുതലാകാം ലേഖനത്തിലുടനീളം കാണുന്ന ഉദ്ധരണികൾ. ജോൺ ഹോപ്കിൻസ് തുടങ്ങി അരഡസൻ യൂണിവേഴ്സിറ്റി വിദഗ്ധന്മാർ ഇന്ത്യയിലെ അന്തരീക്ഷമലിനീകരണത്തിൽ പ്രകടിപ്പിച്ച ഉത്കണ്ഠ സായിപ്പ് ഉദ്ധരിച്ചിട്ടുണ്ട്. സംഗതി ബലക്കുവാൻ ശരത് ഗുട്ടിക്കുണ്ടയെന്ന ഒരു ഇന്ത്യൻ വായുവിദഗ്ധനെയും കൂട്ടുപിടിച്ചിട്ടുണ്ട്. ആരും കേട്ടിട്ടില്ലാത്ത ഈ ഗുട്ടിക്കുണ്ട ഡൽഹി വായു ശ്വസിക്കാനാവാതെ ഗോവയിലേക്ക് രക്ഷപ്പെട്ടുപോലും. അന്തരീക്ഷമലിനീകരണവും ആഗോളതാപനിലയിലെ വ്യതിയാനവുമൊക്കെ ഗുരുതരമായ പ്രശ്നങ്ങൾതന്നെയാണ്. പുതിയ വാർത്തകൾ അല്ലായെന്നുമാത്രം. ഇന്ത്യയിലിതിപ്പോൾ ഉണ്ടായ പ്രതിഭാസമാണെന്നുള്ള ധ്വനിയാണ് ഹാരിസിന്റെ ലേഖനത്തിൽ.

അമേരിക്കൻ മാധ്യമലോക



[illegible]

ത്തോടുള്ള ഇന്ത്യയുടെ കടപ്പാട് നിസ്സീമമാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരവും മഹാത്മാഗാന്ധിയുമൊക്കെ ആഗോളവാർത്തയായതിൽ അമേരിക്കൻ പത്രലോകം വലിയ പങ്കുവഹിച്ചു. ദണ്ഡിയാത്ര കവർ ചെയ്യാൻ ന്യൂയോർക്ക് ടൈംസ് പ്രതിനിധി സാക്ഷാൽ വാക്കർതന്നെ എത്തി. ലൈഫ് മാഗസിൻ ഗാന്ധിജിയോടൊപ്പം കഴിയുവാൻ സ്ഥിരം ഫോട്ടോഗ്രാഫറെ നിയോഗിച്ചു. കാൽനൂറ്റാണ്ടുമുമ്പ് റോസന്താൾ ന്യൂയോർക്ക് ടൈംസിൻെറ ചീഫ് എഡിറ്ററായിരുന്നപ്പോൾ അദ്ദേഹം ചേരുവെച്ചെഴുതിയ ഇന്ത്യയെ വാഴ്ത്തുന്ന മനോഹര ലേഖനങ്ങൾ വായിച്ചതോർക്കുന്നു. ഇപ്പോഴെന്തുപറ്റി ഈ പത്രത്തിന്?

യു.എസ്സിലിപ്പോൾ തിരഞ്ഞെടുപ്പു മാമാങ്കം അരങ്ങേറിക്കഴിഞ്ഞു. റിപ്പബ്ലിക്കൻ പാർട്ടിയുടെ ഗോദയിൽ ഡസനിലേറെ സ്ഥാനാർഥികൾ നിരന്നിരിക്കുന്നു. ദശകോടീശ്വരൻ ഡോളൾഡ് ട്രമ്പ്, ക്യൂബൻ വംശജനായ ഫ്ളോറിഡ സെനറ്റർ റൂബിയോ, ഇന്ത്യൻ വംശജനും ലൂയിസിയാന ഗവർണറുമായ ബോബി ജിൽഡൽ തുടങ്ങി അൾട്രാ കൺസർവേറ്റീവ് ടീപാർട്ടിയും ബുഷ് കുടുംബത്തിൻെറ മൂത്ത സന്തതി ജബ് ബുഷും രംഗത്തുണ്ട്. ഡമോക്രാറ്റിക് പാർട്ടിയിൽ ഹിലാരി ക്ലിൻറണ് ശക്തമായ എതിരാളി ഇതുവരെ ഉരുത്തിരിഞ്ഞിട്ടില്ല. വെർമൊണ്ട് സെനറ്റർ ബേർണി സാൻഡേഴ്സ് ഹിലാരിയെ എതിർക്കുവാൻ തീരുമാനിച്ചതിൽ അമേരിക്കൻ ലിബറൽ ചിന്താഗതിക്കാർ സന്തോഷത്തിലാണ്. പക്ഷേ, യഹൂദവംശജനായ സാൻഡേഴ്സ് പ്രൈമറികൾ കടന്നുകൂടുമോ എന്നുപോലും സംശയിക്കണം. തികച്ചും കലുഷിതമായ അമേരിക്കയുടെ സാമൂഹിക സാമ്പത്തിക സമസ്യകൾക്ക് വ്യക്തമായ ദിശാബോധം നൽകുവാൻ കെൽപ്പുള്ള ബേർണി സാൻഡേഴ്സ് വൈറ്റ് ഹൗസിൻെറ ഏഴയലത്തുപോലും എത്തുകില്ലായെന്നതാണ് അമേരിക്കൻ തിരഞ്ഞെടുപ്പുകളിലെ സുകൃതക്ഷയം. ഇക്കാര്യം പരാമർശിച്ചുകൊണ്ട് ഗാർസിയ മാർകേസിൻെറ പ്രസിദ്ധമായ ഉദ്ധരണിയുണ്ട്.

"എത്ര സുന്ദരമായ നാട്, ദേശാഭിമാനം കൈമുതലായുള്ള ▶

അധ്വാനം മതമാക്കിയ ജനത, ഇവരെന്തേ ബുദ്ധിമാന്ദ്യമുള്ളവരെയും പോക്കിരികളെയും മാത്രം പ്രസിഡൻറുമാരാക്കുന്നു?''

ബോബി ജിൻഡൽ തൻെറ ഇന്ത്യൻ സ്വത്വം തള്ളിപ്പറയുവാൻ ഒരു അവസരവും പാഴാക്കുന്നില്ല. റോഡ്സ്കോളർ ഗമയോടെ ലൂയിസിയാനാ ഭരണം ഏറ്റെടുത്ത് ഇപ്പോൾ ഖജനാവ് കാലിയാക്കിയിരിക്കുന്നു. ജിൻഡലിൻെറ സ്ഥാനാർഥിത്വം മാധ്യമങ്ങൾ തമാശയായിക്കാണുന്നു. സൗത്ത് കരോളിന ഗവർണർ നിക്കി ഹെയ്ലിയും ഇന്ത്യൻ വംശജയാണ്. അമേരിക്കയുടെ അടിമചരിത്രത്തിൻെറ പ്രതീകമായ കോൺഫെഡറേറ്റ് പതാക സിറ്റി ഹാളിൽനിന്നും സധൈര്യം അവർ അഴിച്ചുമാറ്റിയത് മാധ്യമങ്ങളുടെ മുക്തകണ്ഠപ്രശംസ നേടിയിരിക്കുന്നു. പക്ഷേ, നിക്കിക്ക് പ്രസിഡൻറാവാൻ മോഹം തത്കാലമില്ല.


തകർക്കപ്പെട്ട വേൾഡ് ട്രേഡ് സെൻററിൻെറ സ്മാരകം



മുപ്പത്തഞ്ചു വർഷങ്ങൾക്കുശേഷം അമേരിക്കൻ ഐക്യനാടുകളുടെ തെക്കൻ സംസ്ഥാനമായ അലബാമയിലെ സെൽമ നഗരത്തിൽ ഞാൻ വീണ്ടും എത്തി. നഗരം അടിമുടി മാറിയിരിക്കുന്നു. അമേരിക്കയിലിതൊരു പുതിയ അനുഭവമാണ്. അരനൂറ്റാണ്ട് കഴിഞ്ഞിട്ടും ഒരു മാറ്റവുമില്ലാത്ത തെരുവുദൃശ്യങ്ങളാണ് മിക്കയിടത്തും കണ്ടത്. ന്യൂയോർക്ക് സിറ്റിയിലെ മൻഹാട്ടൻ മുനമ്പു മാത്രം ഇതിനൊരപവാദമായി തോന്നി. അംബരചുംബികളായിരുന്ന ഇരട്ടസൗധങ്ങൾ, ബിൻലാദൻെറ ചാവേർ സംഘം പുറമ്പോക്കാക്കിയിടത്ത് ഫ്രീഡം ടവർ എന്ന പേരിലൊരു കണ്ണാടിമാളിക ആകാശംമുട്ടെ പടുത്തുയർത്തിയിരിക്കുന്നു.

എൽവിസ് പ്രസ്ലിയുടെ തട്ടകമായ നാഷ്‌വിൽസിറ്റിയിൽ വിമാനമിറങ്ങി അപ്പലാച്ചിയൻ മലയടിവാരങ്ങളിലൂടെയുള്ള കാർയാത്രയിൽ കണ്ടുപഴകിയ ദൃശ്യങ്ങൾ മാത്രമാണുണ്ടായത്. സെൽമയിലെത്തിയപ്പോൾ പുത്തൻ കാഴ്ചകൾ കൗതുകമായി. ആദ്യവരവിൽകണ്ട മരപ്പലകവീടുകളിലൊന്നുപോലും കണ്ണിൽപെട്ടില്ല. കൊളോണിയൽ വാസ്തുശില്പമാതൃകയിൽതന്നെ തീർത്ത അനവധി പുത്തൻ ഒറ്റനിലവീടുകൾ നഗരമാകെ പുതുക്കിപ്പണിതതിൻെറ തെളിവാകാം. ഇവിടത്തെ ഇപ്പോഴത്തെ താമസക്കാർ പണ്ടുകണ്ട ദരിദ്രനാരായണർ ആയിരിക്കുമോ? സെൽമ പുത്തൻ അമേരിക്കയുടെ സിമ്പലായിരിക്കുന്നു. ഒബാമയുടെ ഒന്നാം പൗരഅവരോധത്തോടെ വർണവിവേചനത്തിൽനിന്നും അമേരിക്ക മോക്ഷം നേടിയ പ്രതീതി സെൽമയുടെ പുതുജന്മം ഉളവാക്കുന്നു.

രണ്ടുദശകത്തോളമുണ്ടായ അമേരിക്കൻ വാസത്തിൽ പ്രത്യക്ഷമായ വർണവിവേചനത്തിന് ഈ ലേഖകൻ ഇരയായത് സെൽമ നഗരത്തിൽ മാത്രമായിരുന്നു. ആദ്യയാത്രയിൽ ഇവിടെയൊരു റസ്റ്റോറൻറിൽ ഭക്ഷണം കഴിക്കാൻ കയറി ഒരു മണിക്കൂറോളം കാത്തിരുന്നിട്ടും മദാമ്മ വെയ്ട്രസ്സ് കണ്ടില്ലായെന്നു നടിച്ചപ്പോഴാണ് വർണവിവേചനത്തിൻെറ രുചി അറിഞ്ഞത്. സെൽമയിൽ വീണ്ടും എത്തിയപ്പോൾ ആദ്യം തിരക്കിയെത്തിയത് ബ്രോഡ് സ്ട്രീറ്റിലെ പേരുമറന്നുപോയ ആ ഭക്ഷണശാലയാണ്. കെട്ടിടം പൊളിച്ചുമാറ്റിയിരിക്കുന്നു. അവിടെ കണ്ടത് ഒരു പെട്രോൾ പമ്പ്, സമീപത്തൊരു ചെറിയപാർക്കും. നട്ടുച്ച ആയതിനാലാകാം പാർക്കിൽ ആരേയും കണ്ടില്ല.

പ്രസിദ്ധമായ ഹാർവാർഡ് സർവകലാശാലയിൽ നിന്നും തിയോളജിയിൽ ഡോക്ടറേറ്റ് ബിരുദം നേടിയ ഇരുപത്തിനാലുകാരൻ മാർട്ടിൻ ലൂഥർ കിങ്ങിന് ആദ്യം ലഭിച്ച ജോലി സെൽമയിലെ ഡെക്സ്റ്റർ അവന്യൂവിലെ സെൻറ് ജൂഡ് ബാപ്റ്റിസ്റ്റ് പള്ളിയിലെ വികാരിയായിട്ടാണ്. അവിചാരിതമായിട്ടാണ് അമേരിക്കയിലെ ഐതിഹാസിക സിവിൽ റൈറ്റ്സ് സമരങ്ങളുടെ മുൻനിരയിൽ ആ യുവാവ് എത്തപ്പെട്ടത്. റോസാപാർക്ക് എന്ന നീഗ്രോ യുവതി മൺഗോമറി നഗരത്തിലെ പബ്ലിക് ബസ്സിൽ വെളുത്തവന് സീറ്റ് ഒഴിഞ്ഞു കൊടുക്കാത്ത സംഭവത്തിൽനിന്നും നീഗ്രോ പ്രതിഷേധം പലയിടങ്ങളിലും പൊട്ടിപ്പുറപ്പെട്ടു. സെൽമയിൽ പ്രതിഷേധയോഗം കൂടിയത് സെൻറ് ജൂഡ് പള്ളിയിലായിരുന്നു. മുഖ്യപ്രാസംഗികൻ സമയത്തിനെത്താതിരുന്നതുകൊണ്ട് ആ കർമം സംഘാടകർ കിങ്ങിനെ ഏൽപ്പിക്കുകയായിരുന്നു. സാധാരണ നീഗ്രോ ശൈലിയിലെ അലറിവിളികളൊന്നും ഇല്ലാതെ എഴുതി തയ്യാറാക്കാത്ത കിങ്ങിൻെറ പ്രസംഗം ഇങ്ങനെയാണ് അവസാനിച്ചത്.


"If we are wrong The President of United States is wrong, if we are wrong Constitution of United States is wrong, if we are wrong God Almighty is wrong."

ഈ വികാരഭരിതമായ ആദ്യപ്രസംഗത്തോടെ മാർട്ടിൻ ലൂഥർ കിങ് അമേരിക്കൻ നീഗ്രോ വംശ

ജരുടെ അനിഷേധ്യ നേതാവായി ഉയർന്നു.

കിങ്ങിൻെറ സമരങ്ങളും തുടങ്ങിയ എഡ്മണ്ട് പെറ്റസ് ബ്രിഡ്ജിൽ ഞാനെത്തി. ഈ പാലത്തിൽനിന്നാണ് ഗാന്ധിജിയുടെ ദണ്ഡിയാത്രാമാതൃകയിൽ സെൽമയിൽനിന്നും മൺഗോമറിയിലേക്കുള്ള എൺപതുമൈൽ ദൂരജാഥ കിങ് സംഘടിപ്പിച്ചത്. ഒരു കുപ്രസിദ്ധ കു-ക്ലക്സ്-ക്ലാൻ നേതാവിൻെറ നാമം പേറുന്ന ഈ പാലത്തിൻെറ പേരുമാറ്റുവാൻ ശ്രമമുണ്ടായപ്പോൾ നീഗ്രോ നേതാക്കൾതന്നെ എതിർത്തത് കൗതുകമാണ്. ചരിത്രം മാറ്റി എഴുതുവാൻ പീഡിപ്പിക്കപ്പെട്ടവർപോലും വിസമ്മതിക്കുന്നു ഇവിടെ.

സെൽമയിൽ ഈ വർഷം ആഘോഷങ്ങളുടെ കാലമാണ്. ഓസ്കർ അവാർഡുനേടിയ 'സെൽമ' എന്ന പേരിലെ സിനിമ പുതുതലമുറയെ ഇങ്ങോട്ടാകർഷിക്കുന്നു. ഒബാമയും ഓപ്ര


എഡ്മണ്ട് പെറ്റസ് ബ്രിഡ്ജ്

വിൻഫ്രിയുമൊക്കെ വന്നുപോയി. വൻനിരതാരങ്ങൾ പലരും വരാനിരിക്കുന്നു. ടൂറിസ്റ്റുകൾക്കായി നാഷണൽ വോട്ടിങ് റൈറ്റ്സ് മ്യൂസിയം, റോസാപാർക്ക് മ്യൂസിയം തുടങ്ങി പല ചരിത്ര സ്മാരകങ്ങളും ഒരുക്കിയിരിക്കുന്നു.

ഒരു പകൽമുഴുവൻ സെൽമ ചുറ്റിക്കറങ്ങി തസ്ക്കലൂസവഴി മിസ്സിസിപ്പിയിലേക്കുള്ള ഹൈവേയിലെത്തിയപ്പോൾ സംശയം; കണ്ടതൊക്കെ ഒരു പുകമറയല്ലേ? അമേരിക്കയിൽ വർണവെറി അന്യം നിന്നോ? പല നഗരങ്ങളിലും നീഗ്രോ യുവാക്കളെ പൊലീസ് ഇടിച്ചു പപ്പടമാക്കുന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. കൂട്ടത്തിൽ ഒരു ഗുജറാത്തി വൃദ്ധനും ഇരയായി. ഇന്നും വർണവിവേചനം സായിപ്പിൻെറ രക്തത്തിൽ അലിഞ്ഞതാണെന്നു വിശ്വസിക്കുവാനാണ് തോന്നിയത്.



അമേരിക്കയിൽ ഭിക്ഷാടനം നടത്തുന്ന സ്ത്രീ

തസ്ക്കലൂസ എന്ന പേരിൽ ഒരു ഭീമാകാരൻ റെഡ് ഇൻഡ്യൻ വെള്ളക്കാരുടെ കുടിയേറ്റത്തെ പ്രതിരോധിച്ച് പോർക്കളത്തിൽ രക്തസാക്ഷിയായി. വീരമൃത്യുവരിച്ച പഴശ്ശിക്ക് സായിപ്പ് സ്മൃതിമണ്ഡപം ഉണ്ടാക്കിയതുപോലെ തസ്കലൂസയെ ആദരിച്ച് കോളണി ഭരണക്കാർ അലബാമയുടെ ഒരു പ്രധാന നഗരത്തിന് ആ പേരു നൽകിയിരിക്കുന്നു. ഇവിടെയാണ് പ്രമാദമായ യൂണിവേഴ്സിറ്റി ഓഫ് അലബാമയുടെ ആസ്ഥാനം. ഈ സർവകലാശാലാപടികളിൽ നിന്നാണ് കുപ്രസിദ്ധ അലബാമ ഗവർണർ ജോർജ് വാലസ് നീഗ്രോ വിദ്യാർഥികൾ അകത്തുകയറുന്നത് തടഞ്ഞത്. തസ്കലൂസയിലേക്കുള്ള നേർവഴിവിട്ട് ഏതൻസ് കൗണ്ടി (പഞ്ചായത്ത്)യിലൂടെ യാത്രയാകാമെന്നുവെച്ചു. ഈ ഉൾനാടൻ പ്രദേശമാണ് കുപ്രസിദ്ധ വർണവെറി സേനയായ കു-ക്ലക്സ്-ക്ലാനിൻെറ ഈറ്റില്ലം. വെള്ള ഷീറ്റുമൂടി, കൂർത്ത തൊപ്പിയുംവെച്ച് രാത്രികളിൽ പന്തവും കൊളുത്തി നീഗ്രോകളെ ചുട്ടെരിക്കുവാനിറങ്ങുന്ന ഈ വർഗീയ ഭ്രാന്തന്മാരുടെ ചിത്രങ്ങളേ കണ്ടിട്ടുള്ളൂ. ഏതൻസ് തെരുവുകളിലൂടെ നടന്നു നീങ്ങുന്നവരെയൊക്കെ സംശയദൃഷ്ടിയോടെ നോക്കി. എല്ലാപേർക്കും മര്യാദരാമന്മാരുടെ ലുക്ക്. ഒരുകാര്യം ശ്രദ്ധിച്ചു. കറുത്ത മുഖങ്ങൾ വളരെ വിരളം. കണ്ടത് ആകെ രണ്ടുപേരെ. ഒരാൾ ടാക്സി ഓടിക്കുന്നു. വേറൊരാൾ പെട്രോൾ പമ്പിലെ ജോലിയിലും. ഏതൻസ് കൗണ്ടിക്ക് വേറൊരു പ്രത്യേകതകൂടിയുണ്ട്, ഐക്യനാടുകളിൽ മദ്യനിരോധനം ഇപ്പോഴും പൂർണമായും നിലവിലുള്ളയിടമാണിത്. നിയമ പരിരക്ഷയോടെ തന്നെ മദ്യവും മദിരാക്ഷിയുമൊക്കെ തിമിർത്താടുന്ന ലാസ്‌വെഗാസിൻെറ നാട്ടിൽ ഏതൻസ് കൗണ്ടിയും നിർബാധം മുക്കാൽ നൂറ്റാണ്ടുമുൻപുള്ള അമേരിക്കൻ സാമൂഹികരീതിയുടെ പ്രതീകമായി നിലകൊള്ളുന്നു.

**കണ്ടതൊക്കെ ഒരു പുകമറയല്ലേ? അമേരിക്കയിൽ വർണവെറി അന്യം നിന്നോ? പല നഗരങ്ങളിലും നീഗ്രോ യുവാക്കളെ പൊലീസ് ഇടിച്ചു പപ്പടമാക്കുന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഇന്നും വർണ വിവേചനം സായിപ്പിൻെറ രക്തത്തിൽ അലിഞ്ഞതാണെന്നു വിശ്വസിക്കുവാനാണ് തോന്നിയത്.**


സെൽമയിലെ ബ്രൗൺ ചാപ്പൽ

മിസിസ്സിപ്പി സംസ്ഥാനത്തിൽ നീഗ്രോവംശജർക്ക് നേരിയ ഭൂരിപക്ഷം ഉണ്ട്. പക്ഷേ, ഇവിടെനിന്നും ഇതുവരെ കറുത്ത വംശജരാരും യു.എസ്. സെനറ്റിൽ എത്തിയിട്ടില്ല. തിരഞ്ഞെടുപ്പു തിരിമറികൾ ഇന്നും ഇവിടെ അന്യം നിന്നില്ല എന്നു മനസ്സിലാക്കണം. മെറിഡിയൻ സിറ്റിയിലെത്തിയപ്പോൾ ജിമ്മി റോജേസിനെ ഓർത്തു, അമേരിക്കൻ കൺട്രി മ്യൂസിക്കിൻെറ തലതൊട്ടപ്പൻ. കിഷോർ കുമാറിൻെറ ഒരു പ്രസിദ്ധ ട്യൂൺ ജിമ്മി റോജേസ് വക അടിച്ചുമാറ്റിയതാണെന്ന് ഇവിടെയുള്ള കൺട്രി മ്യൂസിക് മ്യൂസിയം ക ▸



ഡോ. ഇ.സി.ജി. സുദർശനോടൊപ്പം മധു നായർ

ണ്ടാൽ ബോധ്യമാകും.

പോൺചിട്രെയിൻ തടാകത്തിലെ ഇരുപത്തഞ്ച് മൈൽ നീളത്തിലുള്ള പാലം കടന്ന് ന്യൂ ഓർലിയൻസ് നഗരത്തിന്റെ പ്രാന്തപ്രദേശത്ത് എത്തിയപ്പോഴും ആകെ സ്ഥലജലഭ്രമം. മാർഡിഗ്രയിൻ അനശ്വരമാക്കിയ ഈ ചരിത്രപ്രസിദ്ധ നഗരത്തെ കത്രീന കൊടുങ്കാറ്റ് അപ്പാടെ വിഴുങ്ങിയിരിക്കുന്നു. ജനമെല്ലാം തൊണ്ണൂറു മൈൽ ദൂരത്തുള്ള ബാറ്റൺറൂഷ് നഗരത്തിലേക്ക് ചേക്കേറിയിരിക്കുന്നു. സംസ്ഥാന തലസ്ഥാനമാണെങ്കിലും പണ്ടു കണ്ടപ്പോഴും ഒരു ചെറിയ ഉറക്കംതൂങ്ങി നഗരമായി തോന്നിയത് ഇന്ന് വൻ മെട്രോപൊളിസായിരിക്കുന്നു. പതിന്നാലാം നൂറ്റാണ്ടിൽ ഒരു സുനാമി കൊടുങ്ങല്ലൂരിനെ നികത്തി കൊച്ചി തുറന്ന് തുറമുഖമാക്കിയതുപോലെയാണ് ന്യൂ ഓർലിയൻസിനെ കത്രീന ബാറ്റൻറൂഷിൽ പറിച്ചുനട്ടിരിക്കുന്നത്. വെറും പതിമൂന്ന് കോളണികളിലൊതുങ്ങിനിന്നിരുന്ന ഒരു ചെറുരാജ്യം വിശാലമായ ലൂയിസിയാന ടെറിട്ടറി ഫ്രാൻസിൽനിന്നും വിലയ്ക്കുവാങ്ങിയതോടെയാണ് അമേരിക്കൻ ഐക്യനാടുകൾ എന്ന ശ്രദ്ധേയമായ രാഷ്ട്രം ഉരുത്തിരിയുന്നത്. ഈ നടപടിയിൽ പ്രസിഡൻറ് തോമസ് ജഫേഴ്സൺ പണം ധൂർത്തടിച്ചുവെന്ന പഴിയും കേട്ടു. ഷിക്കാഗോ ചുറ്റിപ്പറ്റിയുള്ള ആറ് മഹാതടാകങ്ങളും മിസിസ്സിപ്പി നദിയും പ്രയറി പ്രദേശങ്ങളും ഐക്യനാടുകളെ വളരെ സമ്പന്നമാക്കി. ബാറ്റൺ റൂഷിൽ എന്റെ ശ്രദ്ധ പിടിച്ചുപറ്റിയത് പുതുതായിവന്ന ഒരു കൊച്ചു ഹിന്ദു ക്ഷേത്രമാണ്. അറിയപ്പെടാത്ത ഒരു മൈസൂർ സ്വാമി ഇവിടെ കൊച്ചമ്പലം പണിത് ധനവാനായിരിക്കുന്നു. അമ്പലമെന്നു കേട്ടാൽ ഗുജറാത്തികളുടെ മടിശ്ശീല മടികൂടാതെ അഴിയും. യു.എസ്സിലെ വൻ നഗരങ്ങളിൽ ഡസനോളം മധുരമീനാക്ഷി മോഡൽ കൂറ്റൻ ക്ഷേത്രങ്ങൾ ഉയർന്നുകഴിഞ്ഞു.

**രണ്ടുദശകത്തോളമുണ്ടായ അമേരിക്കൻ വാസത്തിൽ പ്രത്യക്ഷമായ വർണവിവേചനത്തിന് ഈ ലേഖകൻ ഇരയായത് സെൽമ നഗരത്തിൽ മാത്രമായിരുന്നു. ഭക്ഷണം കഴിക്കാൻ മണിക്കൂറോളം കാത്തിരുന്നിട്ടും വെയ്ട്രസ്സ് കണ്ടില്ലായെന്നു നടിച്ചപ്പോഴാണ് വർണവിവേചനത്തിന്റെ രുചി അറിഞ്ഞത്.**

ചീങ്കണ്ണികൾ സുഖമായി വാഴുന്ന ലൂയിസിയാന ചതുപ്പിലൂടെയാണ് ചങ്ങലക്കണ്ണികൾപോലെ ബന്ധിച്ചിരിക്കുന്ന പാലങ്ങളാൽ തീർത്ത ഇന്റർ സ്റ്റേറ്റ് ഹൈവേ ടെൻ നീണ്ടുപോകുന്നത്, ടെക്സാസിലേക്ക്. എന്റെ ലക്ഷ്യം ഹ്യൂസ്റ്റൺ. കശ്മീർ എഞ്ചിനിയറിങ് കോളേജിലെ സഹപാഠിയും ഒന്നാം റാങ്കുകാരനുമായിരുന്ന അശോക് മേത്ത അവിടെ ഒരു മെറ്റലർജിക്കൽ പ്ലാന്റ് ഉടമയായിരിക്കുന്നു. ഐ.ഐ.ടി. കാൺപൂരിലെ ഉപരിപഠനവേളയിൽ നക്സൽ പ്രവർത്തനത്തിന് ജയിലിലായ അശോക്, അമേരിക്കയിലിന്ന് കോടീശ്വരൻ. നക്സൽ പ്രവർത്തനം ഭാവി ബിസിനസ്സ് സംരംഭങ്ങൾക്ക് കരുത്തുപകരുമെന്നതാകുമോ ഗുണപാഠം? ശ്രീനഗറിലെ കുടുംബവീട് ഭീകരർ കുളമാക്കിയതിൽ രോഷംകൊണ്ട് അയാൾ ആണയിട്ടു പറഞ്ഞു: "ഒരുനാൾ ആ മനോഹര താഴ്വരയിൽ ഞാൻ തിരിച്ചെത്തും." ഒന്നാം തലമുറയിലെ ഒട്ടുമിക്ക കുടിയേറ്റക്കാരുടെയും ഈ അന്തിമാഭിലാഷം പ്രാവൃത്തിപഥത്തിലെത്തിക്കുന്നവർ നാമമാത്രം. ടെക്സാസിലെ ആസ്റ്റിൻ എന്നിതൊരു പുണ്യനഗരം. അവിടെ എന്റെ ഗുരു, ലോകപ്രസിദ്ധ ശാസ്ത്രജ്ഞൻ, ഇ.സി.ജി. സുദർശൻ വാർധക്യത്തെ വരവേറ്റുകൊണ്ട് വാഴുന്നു. ഗുരുവന്ദനം രണ്ടുനാൾ നീണ്ടു. ഗുരുവിന്റെയും ശിഷ്യന്റെയും ഇഷ്ടഭോജനം ഷെല്ലിസ് പിസയും ബ്ലെക്ക് ബിയറും ആവോളം കഴിച്ചു.

ഡള്ളസ് നഗരത്തെക്കുറിച്ച് ആദ്യംകേൾക്കുന്നത് പത്താം ക്ലാസ്സിൽ പഠിക്കുമ്പോഴാണ്. പ്രസിഡൻറ് കെന്നഡി ഇവിടെ വെടിയേറ്റുവീണത് ഒരു വെള്ളിയാഴ്ചയായിരുന്നുവെന്നും ഓർമിക്കുന്നു. വർഷങ്ങൾക്കുമുൻപ് അമേരിക്കയിലെത്തി ടെക്സാസ് യാത്ര തരപ്പെട്ടപ്പോൾ ആദ്യം പോയത് ഡള്ളസ്സിലേക്കായിരുന്നു. തുറന്ന കാറിൽ സഞ്ചരിച്ച പ്രസിഡൻറിന് വെടിയേറ്റസ്ഥലം റോഡിൽ മാർക്ക് ചെയ്തിരിക്കുന്നതുകണ്ടു. എതിർ ദിശയിലെ ലൈബ്രറി കെട്ടിടത്തിലെ ജനാല തുറന്നുതന്നെയിരുന്നു. ടെലിസ്കോപ്പിക് തോക്കിലൂടെ വെടിയുണ്ട പാഞ്ഞ ജനലിനടുത്തുപോകുവാൻ സെക്യൂരിറ്റി അനുവദിച്ചില്ല. വീണ്ടും ഞാൻ ഡള്ളസ്സിലെത്തിയിരിക്കുന്നു. ഇത്തവണ കെന്നഡി ചരിത്രം തേടിയല്ല, അമേരിക്കൻ വാസികളായ മലയാളി ഹിന്ദുക്കളുടെ സമ്മേളനത്തിൽ പങ്കെടുക്കുവാൻ. കേരള ക്രിസ്ത്യൻ സമൂഹം അമേരിക്കയിലാകെ ഓർത്തഡോക്സ് പള്ളിക്കൂട്ടങ്ങൾ തട്ടിക്കൂട്ടിയതിൽ പ്രചോദനം ലഭിച്ചാകണം ഹിന്ദു സമൂഹവും സമ്മേളനങ്ങൾ ഒരുക്കുന്നത്. അനന്തപുരിയിലെ ശ്രീപത്മനാഭന്റെ സ്വർണക്കുമ്പാരത്തെക്കുറിച്ച് സം

സാരിക്കുവാനാണ് ക്ഷണം. രണ്ടു ദിനങ്ങളിലെ ഫൈവ്സ്റ്റാർ ഹോട്ടൽ താമസം, സൗജന്യ ഭക്ഷണം. പിന്നെ ഉറ്റ സുഹൃത്ത് കൈനിക്കര കുടുംബാംഗം, അർബുദ ചികിത്സാ വിദഗ്ധൻ ഡോക്ടർ എം.വി.പിള്ളയെ കാണാനൊരവസരവും. അമേരിക്കൻ പ്രവാസകാലത്ത് മലയാളി കൂട്ടായ്മയായ ഫൊക്കാനയുടെ ആദ്യ ജനറൽ സെക്രട്ടറിയായിരുന്നതിൻെറ ഓർമകളും ഇവിടെ അയവിറക്കാനൊത്തു.

ടെക്സാസിൽനിന്നും പീറ്റിസ്ബർലേക്കുള്ള യാത്ര പ്രയറി പ്രദേശങ്ങളിലൂടെ ആയിരുന്നു. ആയുധ കുമ്പാരങ്ങളല്ല അമേരിക്കയുടെ ശക്തി, കൃഷിയിടങ്ങളായ പ്രയറികളാണെന്ന് സെനറ്റർ ഫുൾബ്രൈറ്റ് പറഞ്ഞതോർത്തു. ഇന്നും യു.എസ്. ഡിപ്പാർട്ടുമെൻറ് ഓഫ് അഗ്രികൾച്ചറിൻെറ ബജറ്റ് പെൻറഗണിൻേറതിനൊപ്പം വരും. അപ്പലാച്ചിയൻ പർവതനിരകളാൽ ചുറ്റപ്പെട്ട ഒരു ചെറിയ പെൻസിൽവേനിയ ഗ്രാമത്തിലെ ആശ്രമത്തിൽ ഒരുനാൾ കഴിഞ്ഞു. സഹപാഠിയും തെലുങ്കനുമായ രമേശിൻെറ ബന്ധുവിൻെറ മദാമയുമായുള്ള വിവാഹം ഈ ആശ്രമത്തിൽ നിശ്ചയിച്ചിരുന്നു. ആശ്രമം തദ്ദേശവാസികളുടെ ഉടമസ്ഥതയിലും പൂർണ നിയന്ത്രണത്തിലും. ഒരു ആസ്ഥാന സ്വാമിയെ നോക്കിയിരിക്കുകയാണവർ. തത്കാലം വിസിറ്റിങ് സ്വാമിമാരെ ആശ്രയിക്കുന്നു. അവരിൽ ചിലർ ബിസിനസ് ക്ലാസ് ടിക്കറ്റാവശ്യപ്പെടുന്നുവെന്ന പരാതിയുമുണ്ട്. ആശ്രമമുറ്റത്തെ ഒരു പാറസ്സ് ശാപമോക്ഷം കൈവന്നപോലെ ശിവലിംഗമാക്കി


ലിങ്കൺ ശവകുടീരം


**മിസിസ്സിപ്പി സംസ്ഥാനത്തിൽ നീഗ്രോവംശജർക്ക് നേരിയ ഭൂരിപക്ഷം ഉണ്ട്. പക്ഷേ, ഇവിടെനിന്നും ഇതുവരെ കറുത്ത വംശജരാരും യു.എസ്. സെനറ്റിൽ എത്തിയിട്ടില്ല. തിരഞ്ഞെടുപ്പു തിരിമറികൾ ഇന്നും ഇവിടെ അന്യം നിന്നില്ല എന്നു മനസ്സിലാക്കണം.**

ചെത്തിമിനുക്കിയിരിക്കുന്നു. കല്യാണസദ്യ പശു പുല്ലുതിന്നുന്ന പ്രതീതി ഉണ്ടാക്കി. മദാമയെ കെട്ടിയ രമേശടക്കം കല്യാണം കൂടിയവരൊക്കെ സസ്യഭുക്കുകൾ മാത്രമല്ല. അമേരിക്കയിലെ പുതു ട്രെൻഡായ വേഗൻ ഭക്ഷണം മതമാക്കിയവരാണ്. പ്രസിഡൻറായിരുന്ന ക്ലിൻറൺപോലും ഇപ്പോൾ വേഗൻ, പാലുപോലും ഇവർക്ക് വർജ്യം. സായിപ്പിന് പച്ചക്കറി പാചകം ചെയ്യുവാൻ പണ്ടേ ഒരു മിടുക്കുമില്ല. പിന്നെ വേഗൻ സദ്യയുടെ രുചി ആലോചിക്കാമല്ലോ.

സെയിൻറ് ലൂയിസ് നഗരത്തിൽ പറന്നാണെത്തിയത്. അമേരിക്കയുടെ വെസ്റ്റേൺ ഫ്രോണ്ടിയർ ഇവിടെനിന്നും തുടങ്ങുന്നു. മെക്സിക്കൻ സാമ്രാജ്യത്തിൽനിന്നും ബലം പ്രയോഗിച്ച് പിടിച്ചെടുത്ത, പസഫിക് തീരംവരെ നീളുന്ന അതിവിശാല ഭൂതലത്തിൻെറ കവാടമെന്ന് സങ്കല്പിച്ച് ഒരു ശില്പകാരൻ ആർച്ചാണ് സെയിൻറ് ലൂയിസിൻെറ മുഖമുദ്ര. പ്രസിഡൻറ് ട്രൂമൻെറ തട്ടകമായിരുന്നു ഈ സംസ്ഥാനം. ഇപ്പോൾ തൊഴിലില്ലായ്മയുടെയും അക്രമങ്ങളുടെയും ഈറ്റില്ലം. [illegible] നക്സലാക്രമണത്തിൽ വധിക്കപ്പെട്ട ശങ്കരനാരായണ അയ്യരുടെ ജ്യേഷ്ഠപുത്രൻ രഞ്ജിത്ത് ഇവിടെ സർക്കാർ വക വിമുക്തഭടന്മാർക്കുവേണ്ടിയുള്ള കൂറ്റൻ ആസ്പത്രിയിലെ പ്രധാന സൈക്യാട്രിസ്റ്റ്. രഞ്ജിത്തും ഞാനും രമണനും മദനനും പോലത്തെ ബന്ധം, കശ്മീരിലെ പഠനകാലത്ത് തുടങ്ങിയ ചങ്ങാത്തം. അയാളുടെ ഭാഷ്യത്തിൽ അമേരിക്കൻ പട്ടാളസേവനം കഴിയുന്ന മിക്കവരും അരവട്ടന്മാരെങ്കിലും ആകും.

ന്യൂയോർക്കിലേക്കുള്ള മടക്കയാത്ര ഗ്രേഹൗണ്ട് കമ്പനി വക ബസ്സിൽ, ഗാർസിയ മാർക്വേസ് അനശ്വരമാക്കിയ അമേരിക്കൻ ബസ് സർവീസ്. ബസ്സിനുള്ളിലെ വൈ ഫൈ സൗകര്യം ഉത്തമ സമയംകൊല്ലി.

സെൻറ് ലൂയിസിലെ ഗേറ്റ് വേ ആർച്ച്



രണ്ട് ദശകങ്ങളോളം നീണ്ട അമേരിക്കൻ പ്രവാസവാസം ഈ ലേഖകൻ അവസാനിപ്പിച്ചിട്ട് വ്യാഴവട്ടം കഴിഞ്ഞിരിക്കുന്നു. എന്നാലും ആണ്ടോടാണ്ടുള്ള ശബരിമലയാത്രപോലെ തണുപ്പില്ലാക്കാലത്ത് ന്യൂയോർക്കിൽ വന്നിറങ്ങുന്നു. ബ്രോങ്ക്സിലെ വീട്ടിലെ എൻെറ മുറി പുത്രൻ എനിക്കായി മാത്രം തുറക്കുന്നു. ഏതാനും ദിനങ്ങൾ തങ്ങി പെറ്റനാട്ടിലേക്ക് തിരിച്ചു വിമാനം കയറുന്നു. അനന്തമായി നീളുന്ന വിമാനയാത്രകൾ ശബരിമലകയറ്റത്തെക്കാളും കഠിനമായി തോന്നിത്തുടങ്ങിയിരിക്കുന്നു. ഈ അന്താരാഷ്ട്ര ഖണ്ഡയാത്രകൾ അവസാനിപ്പിക്കേണ്ട സമയമായി എന്ന് ഉള്ളു പറയുന്നു. ■